# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 465 — 29.06.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ അടച്ചുപൂട്ടൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൺസ്യൂമർ ഫെഡിന്റെ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ; | (ബി) | 18.12.2014 ൽ നടന്ന കൺസ്യൂമർ ഫെഡറേഷൻ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ നടത്തിയ ഡയറക്ടർമാരുടെയും സോണൽ മാനേജർമാരുടെയും റീജിയണൽ മാനേജർമാരുടെയും യോഗത്തിൽ ത്രിവേണി നന്മ സ്റ്റോറുകളുടെ പ്രവർത്തനം വിശദമായി അവലോകനം ചെയ്യുകയും കേന്ദ്ര ട്രേഡ് യൂണിയൻ നേതാക്കളുമായി ഇത് സംബന്ധിച്ച് ചർച്ച ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത ചർച്ചയിൽ ഉരുത്തിരിഞ്ഞ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു.<br>(1) നന്മ പാക്കിംഗ് ഗോഡൗണുകളിൽ നടത്തിവരുന്ന പായ്ക്കിംഗ് ജോലികൾ നന്മ സ്റ്റോറുകളിൽ തന്നെ നടത്തുന്നത് വഴി നന്മ പായ്ക്കിംഗ് സെന്ററുകളുടെ വാടക, ഇലക്ട്രിസിറ്റി, മറ്റ് അനുബന്ധ ചെലവുകൾ, പായ്ക്കിംഗ് ചാർജ്ജസ് എന്നിവ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കാൻ കഴിയും.<br>(2) ഒരു ജില്ലയിൽ ഒന്ന് എന്ന ക്രമത്തിൽ മാത്രം നീതി വിതരണ കേന്ദ്രങ്ങൾ പ്രവർത്തപ്പിക്കുക.<br>(3) വിൽപ്പന തീരെ കുറഞ്ഞവയും, വിൽപ്പന വർദ്ധിപ്പിക്കാൻ തീരെ സാധ്യതയില്ലാത്തതുമായ നന്മ സ്റ്റോറുകൾ നിർത്തലാക്കുക.<br>(4) സർക്കാരിൽ നിന്നും ഉത്സവകാല സബ്സിഡി, കുടിശ്ശിക ഇനത്തിൽ ലഭിക്കാനുള്ളതും കൂടുതൽ സാമ്പത്തിക സഹായം നൽകുന്ന തിന് ധനസഹായ ബാങ്കുകൾ വിമുഖത കാണിക്കുന്നതും കൺസ്യൂമർ ഫെഡറേഷന്റെ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിന് കാരണമായിട്ടുണ്ട്. |
| (സി) | ഇത്തരം പ്രവണതകൾ തടയുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (സി) | എല്ലാ നന്മ പാക്കിംഗ് ഗോഡൗണുകളും നിർത്തലാക്കിക്കൊണ്ട് അവയുടെ പ്രവർത്തനം നന്മ സ്റ്റോറുകളിൽ തന്നെ നടത്തുന്നതിനും ഒരു ജില്ലയിൽ ഒരു നീതി ഗോഡൗൺ എന്ന നിലയിൽ നിലനിർത്തിക്കൊണ്ട് മറ്റുള്ളവ നിർത്തലാക്കുന്നതിനും, വിൽപ്പന തീരെ കുറഞ്ഞവയും, മേലിൽ വർദ്ധിപ്പിക്കാൻ തീരെ സാധ്യതയില്ലാത്തതുമായ നന്മ സ്റ്റോറുകൾ നിർത്തലാക്കുന്നതിനും ഫെഡറേഷൻ ഭരണ സമിതി യോഗം തീരുമാനിക്കുകയും ആദ്യഘട്ടത്തിൽ നന്മ സ്റ്റോർ ഒഴികെയുള്ളവ നിർത്തലാക്കിയിട്ടുമുണ്ട്. അടച്ചുപൂട്ടലിന് പ്രധാനകാരണമായ വിൽപ്പന സാധനങ്ങളുടെ ലഭ്യത കുറവ് പരിഹരിക്കുന്നതിന് വിദേശമദ്യ വ്യാപാരം ഉൾപ്പെടെയുള്ള മറ്റ് ഡിവിഷനുകളിലെ വിൽപ്പന |

മാർജിൻ ഉപയോഗിച്ച് യൂണിറ്റുകളിൽ പരമാവധി സ്റ്റോക്ക് എത്തിച്ച് വിൽപ്പന വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം കൺസ്യൂമർ ഫെഡറേഷൻ നടത്തിവരുന്നു.

(ഡി) കൺസ്യൂമർ ഫെഡ് സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ മൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ സംരക്ഷിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ഡി) കൺസ്യൂമർഫെഡ് സ്ഥാപനങ്ങളുടെ അടച്ചുപൂട്ടൽ മൂലം തൊഴിൽ നഷ്ടപ്പെടുന്നവരെ മറ്റു യൂണിറ്റുകളിലേക്ക് പുനർ വിന്യസിപ്പിച്ചും, ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ